ഭരണഭാഷ മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വികാസ്ഭവൻ, തിരുവനന്തപുരം

**(ഹാജർ: സജീവ്. പി.പി)**

വിഷയം: ഡിഇഎസ്– ജീവനക്കാര്യം -താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ഇടുക്കി– താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തിക പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. 18/02/2022–ലെ സ.ഉ(കൈ) നം.4/2022/P&EA നമ്പർ സർക്കാർ ഉത്തരവ്
2. 04/08/2022–ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്
3. 28/11/2022–ലെ PLGEA–B3/180/2022/PLGEA നമ്പർ സർക്കാർ കത്ത്
4. ഈ ഓഫീസിലെ 06/09/2022–ലെ ഡി.ഇ.എസ്/1470/2022–ഇബി6 നമ്പർ ഉത്തരവ്
5. 10/02/2021–ലെ GO(P)No. 27/2021/Fin നമ്പർ ഉത്തരവ്
6. 10/01/2023–ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ. ഡിഇഎസ്/3165/2022–EB6 തീയതി. 13/01/2023**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ കട്ടപ്പന ആസ്ഥാനമാക്കി ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് തുറക്കുന്നതിന്, ഇക്കാര്യത്തിൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാതെ പുതിയ തസ്തികകൾ പുനർവിന്യാസത്തിലൂടെ കണ്ടെത്തണമെന്ന ഉപാധികൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവായിരുന്നു . പരാമർശം (2) പ്രകാരം ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തിക ലഭ്യമാക്കുന്നതിലേയ്ക്കായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്പർവൈസർ (കമ്പ്യൂട്ടർ) തസ്തിക, സർക്കാർ സാധൂകരണത്തിന് വിധേയമായി, ഷിഫ്റ്റ് ചെയ്ത് ഉത്തരവായിരുന്നു. എന്നാൽ പരാമർശം (3) സർക്കാർ കത്ത് പ്രകാരം കേന്ദ്രാവിഷ്കൃത സ്കീമുകൾക്ക് കീഴിലുള്ള തസ്തികകൾ പുതുതായി രൂപീകരിക്കുന്ന താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുവാൻ അനുമതി നൽകാൻ നിർവ്വാഹമില്ല എന്നറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, സർക്കാർ സാധൂകരണത്തിന് വിധേയമായി, ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത സീനിയർ സൂപ്പർവൈസർ (കമ്പ്യൂട്ടർ) തസ്തിക ഡയറക്ടറേറ്റിലെ എൻ.എസ്.എസ് വിഭാഗത്തിലേയ്ക്ക് തിരികെ ഷിഫ്റ്റ് ചെയ്തും, ഡയറക്ടറേറ്റിലെ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ കേഡറിലുള്ള അക്കൗണ്ട്സ് വിഭാഗത്തിലെ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ഭരണ നിർവ്വഹണം) തസ്തിക (50200–105300 രൂപ ശമ്പള നിരക്ക്) ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലേയ്ക്ക് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയായി ഷിഫ്റ്റ് ചെയ്തും ഉത്തരവാകുന്നു.

ഈ ഓഫീസിലെ 06/09/2022–ലെ ഡി.ഇ.എസ്/1470/2022–ഇബി6 പരാമർശം (4) ഉത്തരവ് പ്രകാരം ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ആയി നിയമിച്ചിരുന്ന ശ്രീ. അബ്ദുൽസലാം. കെ.എ പ്രസ്തുത തസ്തികയിൽ തുടരേണ്ടതും അക്കൗണ്ട്സ് വിഭാഗത്തിലെ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ഭരണ നിർവ്വഹണം) ശ്രീമതി. ജയശ്രീ. എം.എം–നെ എൻ.എസ്.എസ് വിഭാഗം സീനിയർ സൂപ്പർ വൈസർ (കമ്പ്യൂട്ടർ) തസ്തികയിൽ മാറ്റി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

പരാമർശം (6) ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

Signature Not Verified
Digitally signed by Sajeevu P P
Date: 2023.01.13 15:23:16 IST
Reason: Approved

DIRECTOR

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ(നിയന്ത്രാധികാരി മുഖേന)

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്, സെക്രട്ടേറയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം)
4. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ജില്ലാ ഓഫീസ്, ഇടുക്കി
5. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ഫയൽ/കരുതൽ ഫയൽ